

എം.ജി സർവകലാശാലയിൽ നടന്ന രാജ്യാന്തര ജൈവകൃഷി സെമിനാറിന്റെ സമാപന സമ്മേളനത്തിൽ മന്ത്രി സി.രവീന്ദ്രനാഥ് പ്രസംഗിക്കുന്നു. എം.ജി സർവകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ, കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. എം.സി. ദിലീപ്കുമാർ, ഡോ. രാജൻ ഗുരുക്കൾ, രജിസ്ട്രാർ എം.ആർ.ഉണ്ണി, സിൻഡിക്കേറ്റ് അംഗം ടോമിച്ചൻ ജോസഫ് എന്നിവർ സമീപം.

# വിദ്യാലയങ്ങൾ ജൈവ ഉദ്യാനങ്ങളാകണം: മന്ത്രി സി. രവീന്ദ്രനാഥ്

കോട്ടയം • വിദ്യാലയങ്ങൾ ജൈവ ഉദ്യാനങ്ങളാകണമെന്നും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനാവശ്യമായ സമൂഹ മനസ്സാക്ഷി രൂപപ്പെടുത്തുവാൻ ജൈവസാക്ഷരതാ പദ്ധതി വിദ്യാർഥിസമൂഹം ഏറ്റെടുത്തു വിജയിപ്പിക്കണമെന്നും മന്ത്രി സി. രവീന്ദ്രനാഥ്. എം.ജി സർവകലാശാലയിൽ സമാപിച്ച രാജ്യാന്തര ജൈവകൃഷി സെമിനാറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സർവകലാശാലാ ക്യാംപസിൽ ആരംഭിക്കുന്ന മാതൃകാ നാട്ടുഫലത്തോട്ടത്തിന്റെ ഉദ്ഘാടനം ചെമ്പരത്തി വരിക്കപ്ലാവിന്റെ തൈ നട്ട് അദ്ദേഹം നിർവഹിച്ചു.

കാലംതെറ്റി പൂക്കുന്ന തുമ്പയും കണിക്കൊന്നയും മൈക്രോ കാലാവസ്ഥാ മാറ്റത്തിന്റെ സൂചനകളാണ്. കാടിനെയും കടലിനെയും കൂട്ടിയിണക്കുന്ന പുഴകൾ വറ്റിവരണ്ട് അപ്രത്യക്ഷമാകുമ്പോൾ ആവാസവ്യവസ്ഥയും ജൈവവൈവിധ്യവും തകിടം മറിയുന്നു. ഇത്തരം സൂചനകൾ മനസ്സിലാക്കി പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനാവശ്യമായ ജൈവസാക്ഷരതയും സംസ്കാരവും വളർത്തുവാൻ സാമൂഹികപ്രതിബദ്ധതയുള്ള സർവകലാശാലകൾക്കും വിദ്യാലയങ്ങൾക്കും സാധ്യമാകണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ജൈവകൃഷി പ്രോത്സാഹനത്തിനായി മികച്ച സംഭാവന നൽകുന്ന സ്കൂൾ, കോളജ്, സർവകലാശാലകളെ അവാർഡ് നൽകി ആദരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

വൈവിധ്യമാർന്ന ആയിരത്തിലധികം നാട്ടുഫലവൃക്ഷങ്ങൾ അഞ്ചേക്കറിൽ ഒരുവർഷംകൊണ്ടു നട്ടുവളർത്തി ക്യാംപസിന്റെ ജൈവവൈവിധ്യം നിലനിർത്തുമെന്നും ഏറ്റുമാനൂർ നിയോജക മണ്ഡലം ഉൾപ്പെടുന്ന പ്രദേശം ദത്തെടുത്തുകൊണ്ട് സമ്പൂർണ ജൈവസാക്ഷരതയ്ക്കാവശ്യമായ കർമപദ്ധതികൾ ഏറ്റെടുത്തു നടത്തുമെന്നും ചടങ്ങിൽ അധ്യക്ഷതവഹിച്ച വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. സർവകലാശാല മുൻ വൈസ്ചാൻസലറും ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ അധ്യാപകനുമായ ഡോ. രാജൻ ഗുരുക്കൾ മുഖ്യപ്രഭാഷണം നടത്തി.

മികച്ച കൊളാബറേറ്റർക്കുള്ള അവാർഡ് എം.ജെ. ജേക്കബിന് കാലടി സർവകലാശാല വൈസ്ചാൻസലർ ഡോ. എം.സി. ദിലീപ്കുമാറും മികച്ച പ്രബന്ധത്തിനുള്ള അവാർഡ് അലൻ തോമസിന് എം.ജി സർവകലാശാല പ്രോ വൈസ്ചാൻസലർ ഡോ. ഷീന ഷുക്കൂറും മികച്ച പോസ്റ്ററിനുള്ള പുരസ്കാരം സി. അനീഷയ്ക്ക് സിൻഡിക്കേറ്റ് അംഗം ടോമിച്ചൻ ജോസഫും നൽകി. രജിസ്ട്രാർ എം.ആർ. ഉണ്ണി, ഡോ. ബി. പ്രകാശ്കുമാർ എന്നിവർ പ്രസംഗിച്ചു.

